# 54 ദിവസത്തെ അത്ഭുതകരമായ ജപമാല നൊവേന



**"ആരൊക്കെ എന്നിൽ നിന്നും സഹായങ്ങൾ നേടുവാൻ ആഗ്രഹിക്കുന്നുവോ, അവർ ജപമാല പ്രാർത്ഥനകളുടെ 3 നൊവേനകൾ അപേക്ഷയായും 3 നൊവേനകൾ കൃതജ്ഞതയായും ചൊല്ലണം". (എത്രയും പരിശുദ്ധ ജപമാല രാജ്ഞിയുടെ വാഗ്ദാനം).**

**1884 മാർച്ച് മൂന്നാം തീയതി (പരിശുദ്ധ പിതാവ് ലെയോ പതിമൂന്നാമൻ മാർപാപ്പ മുഖ്യദൂതനായ വി. മിഖായേലിനോടുള്ള പ്രാർത്ഥന എഴുതിയ അതേ വർഷം,**

ഫാത്തിമാ പ്രത്യക്ഷീകരണങ്ങൾക്ക് 33 വർഷം മുമ്പ്) ഫൊർച്ച്യൂനാ അഗ്രെല്ലി എന്ന കൊച്ചു പെൺകുട്ടിക്ക് പരിശുദ്ധ കന്യകാമറിയത്തിന്റെ ഒരു ദർശനം കാണുവാൻ കൃപ ലഭിക്കുകയും അതിലൂടെ അവൾക്ക് ഈ പ്രത്യേക ഭക്തകൃത്യം ലഭിക്കുകയും അവൾ ഇത് മറ്റുള്ളവർക്ക് പകർന്ന് കൊടുക്കുകയും ചെയ്തു. ആ സമയം അവൾ വിവിധങ്ങളായ 3 മാറാ രോഗങ്ങളാൽ വളരെയധികം കഷ്ടപ്പെടുകയും ഡോക്ടർമാർ രോഗസൗഖ്യം അസാധ്യമാണ് എന്ന് വിധിയെഴുതി അവളെ കൈവിടുകയും ചെയ്തിരുന്നു. ആ നൈരാശ്യാവസ്ഥയിൽ അവളും അവളുടെ കുടുംബവും ജപമാലകളുടെ നൊവേന ചൊല്ലുവാൻ ആരംഭിച്ചു.

ഉണ്ണിയീശോയെ തന്റെ മടിയിലിരുത്തി, കൈയ്യിൽ ജപമാലയേന്തി പ്രകാശ രൂപങ്ങൾക്ക് ചുറ്റും, മഹത്വീകൃതമായ ഒരു സിംഹാസനത്തിൽ ഇരിക്കുന്നതു പോലെയാണ് പരിശുദ്ധ ദൈവമാതാവ് പെൺകുട്ടിക്ക് പ്രത്യക്ഷപ്പെട്ടത്. രോഗിണിയായ പെൺകുട്ടി ഇപ്രകാരം പറഞ്ഞുകൊണ്ടാണ് പരിശുദ്ധ കന്യകയെ അഭിവാദനം ചെയ്തത്: "പരിശുദ്ധ ജപമാലയുടെ രാജ്ഞി, എന്റെ മേൽ കൃപയായിരിക്കേണമേ. എന്റെ ആരോഗ്യം പു:ന സ്ഥാപിക്കണമേ! അങ്ങയോട് ഞാൻ ഒരു നൊവേന വഴിയായി പ്രാർത്ഥിച്ചിരിക്കുന്നു. ഓ മറിയമേ, പക്ഷേ അങ്ങയുടെ സഹായം അനുഭവിക്കുവാൻ ഇതുവരെ എനിക്ക് സാധിച്ചില്ല. വളരെ ആകാംക്ഷയോടെ സൗഖ്യം പ്രാപിക്കുവാൻ ഞാൻ കാത്തിരിക്കുന്നു!" "കുഞ്ഞേ", പരിശുദ്ധ കന്യക മറുപടി പറഞ്ഞു, "നീ എന്നെ പല ശീർഷകങ്ങൾ വിളിച്ച് എന്നോട് പ്രാർത്ഥിക്കുകയും എന്നിൽ നിന്ന് എപ്പോഴും സഹായങ്ങൾ നേടിയെടുക്കുകയും ചെയ്തിട്ടുണ്ട്. 'എത്രയും പരിശുദ്ധ

ജപമാല രാജ്ഞി' എന്ന് എനിക്കേറ്റവും ഇഷ്ടമുള്ള ശീർഷകത്താൽ നീ എന്നെ ഇപ്പോൾ വിളിച്ചതിനാൽ, എനിക്ക് നീ അപേക്ഷിച്ചിരിക്കുന്ന സഹായം ഇനി ഒരിക്കലും നിഷേധിക്കുവാൻ പറ്റുകയില്ല, കാരണം, ഈ നാമം എനിക്ക് വളരെ അമൂല്ല്യവും വളരെ പ്രിയപ്പെട്ടതുമാണ്. മൂന്ന് നൊവേനകൾ ചൊല്ലുക, നിനക്ക് എല്ലാം ലഭിക്കും." ഒരിക്കൽക്കൂടി പരിശുദ്ധ ജപമാല രാജ്ഞി പെൺകുട്ടിക്ക് പ്രത്യക്ഷപ്പെട്ട് പറഞ്ഞു: "ആരൊക്കെ എന്നിൽ നിന്നും സഹായങ്ങൾ നേടുവാൻ ആഗ്രഹിക്കുന്നുവോ, അവർ ജപമാല പ്രാർത്ഥനകളുടെ 3 നൊവേനകൾ അപേക്ഷയായും 3 നൊവേനകൾ കൃതജ്ഞതയായും ചൊല്ലണം." പരിശുദ്ധ അമ്മയുടെ നിർദ്ദേശങ്ങൾ അനുസരിച്ചപ്പോൾ പെൺകുട്ടി രോഗസൗഖ്യം പ്രാപിക്കുകയും സമ്പൂർണ്ണ ആരോഗ്യ സ്ഥിതി നേടുകയും ചെയ്തു.

## ലെയോ പതിമൂന്നാമൻ മാർപാപ്പയും 54 ദിവസത്തെ ജപമാല നൊവേനയും

54 ദിവസത്തെ ജപമാല നൊവേന ചൊല്ലിയതിലൂടെ കൊച്ചു ഫൊർച്ച്യൂണയ്ക്ക് ലഭിച്ച അത്ഭുതകരമായ രോഗസൗഖ്യം പരിശുദ്ധ പിതാവ് ലെയോ പതിമൂന്നാമൻ മാർപാപ്പായിൽ ആഴത്തിലുള്ള ജ്വലനം ഉണ്ടാക്കിയെന്ന് ഔദ്യോഗികമായി പ്രസ്താവിച്ചിട്ടുണ്ട്. അദ്ദേഹം ജപമാലയേക്കുറിച്ച് 17 ഔദ്യോഗിക പേപ്പൽ വിജ്ഞാപനങ്ങൾ എഴുതുകയും ജപമാലയെ സ്നേഹിക്കുവാനും എപ്പോഴും ജപമാല ചൊല്ലുവാനും എല്ലാ ക്രൈസ്തവരേയും ആഹ്വാനം ചെയ്യുകയും ചെയ്തു. പിന്നീടുള്ള വർഷങ്ങളിൽ

**സുശക്തമായ 54 ദിവസത്തെ ജപമാല നൊവേന ചൊല്ലിയതു വഴിയായി അസംഖ്യം പ്രകൃത്യാതീത അത്ഭുതങ്ങളും ഉത്തരം ലഭിച്ച പ്രാർത്ഥനകളും അനേകർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.**

## 54 ദിവസത്തെ ജപമാല നൊവേന എങ്ങനെയാണ് ചൊല്ലുന്നത്?

**പാരമ്പര്യം അനുസരിച്ച് ഒരു നൊവേന 9 ദിവസങ്ങളാണ്. അതുകൊണ്ട് തന്നെ കൊച്ചു ഫൊർച്ച്യൂനായോടുള്ള പരിശുദ്ധ അമ്മയുടെ വാക്കുകൾ: "ജപമാല പ്രാർത്ഥനകളുടെ 3 നൊവേനകൾ അപേക്ഷയായും 3 നൊവേനകൾ കൃതജ്ഞതയായും ചൊല്ലുക."**

- **അപേക്ഷയുടെ 27 ദിവസങ്ങളിൽ ഓരോ ദിവസത്തിലേക്കുമായി ജപമാലയുടെ 5 ദിവ്യരഹസ്യങ്ങളാണ് (അത് സന്തോഷകരമായ ദിവ്യരഹസ്യങ്ങളോ ദുഖകരമായ ദിവ്യരഹസ്യങ്ങളോ മഹിമയുടെ ദിവ്യരഹസ്യങ്ങളോ ആകാം) നൊവേനയിൽ ഉള്ളത്.**
- **അതിനുശേഷം നിങ്ങൾ സമർപ്പിച്ച അപേക്ഷ സാധിച്ച് കിട്ടിയാലും ഇല്ലെങ്കിലും ഉടൻ തന്നെ അടുത്ത 27 ദിവസങ്ങൾ കൃതജ്ഞതയുടെ 27 ദിവസങ്ങളായി എടുത്ത് ഓരോ ദിവസത്തിലേക്കുമായി ജപമാലയുടെ 5 ദിവ്യരഹസ്യങ്ങൾ.**

**അങ്ങനെയാണ് ജപമാലകളുടെ 6 നൊവേനകൾ തുടങ്ങിയത്, അതാണ് 54 ദിവസത്തെ ജപമാല നൊവേനയായി അറിയപ്പെട്ടത്. കൃത്യമായി ഈ നൊവേന ചൊല്ലുവാൻ ഒരാൾ ഒരു ദിവസം പോലും മുടങ്ങാതെ ഒരു ജപമാല വീതം 54 ദിവസങ്ങളിൽ ചൊല്ലണം, അതോടൊപ്പം,**

നൽകിയിരിക്കുന്ന നൊവേന ചാർട്ടിൽ നോക്കി അതാതു ദിവസത്തേക്കായി ചാർട്ടിൽ രേഖപ്പെടുത്തിയിരിക്കുന്ന ദിവ്യരഹസ്യങ്ങൾ തന്നെ ചൊല്ലുകയും വേണം. അതായത് നൊവേനയുടെ ആദ്യ ദിവസം എപ്പോഴും തുടങ്ങുന്നത് സന്തോഷകരമായ ദിവ്യരഹസ്യങ്ങൾ ചൊല്ലിക്കൊണ്ടായിരിക്കും (ആഴ്ച്ചയിലെ ഏത് ദിവസമാണ് നൊവേന തുടങ്ങിയത് എന്നത് ബാധകമല്ല); രണ്ടാമത്തെ ദിവസം ദുഖകരമായ ദിവ്യരഹസ്യങ്ങളാണ് ചൊല്ലുക, മൂന്നാമത്തെ ദിവസം, മഹിമയുടെ ദിവ്യരഹസ്യങ്ങളാണ് ചൊല്ലേണ്ടത്. നൊവേനയുടെ നാലാമത്തെ ദിവസം തുടങ്ങുന്നത് സന്തോഷകരമായ ദിവ്യരഹസ്യങ്ങൾ വീണ്ടും ചൊല്ലിക്കൊണ്ടായിരിക്കും, ഇതേ രീതി നൊവേനയുടെ 54 ദിവസങ്ങളിലും മുടക്കം കൂടാതെ, തെറ്റിപ്പോകാതെ പിന്തുടരണം.

ചിലപ്പോഴൊക്കെ ആളുകൾ പ്രകാശത്തിന്റെ ദിവ്യരഹസ്യങ്ങളേക്കുറിച്ച് ചോദിച്ചിട്ടുണ്ട് - മുകളിൽ പറഞ്ഞതു പോലെ ഈ നൊവേന 1884 ഇൽ പരിശുദ്ധ കന്യകാ മാതാവ് തന്നെ നൽകിയതാണ്. ഇതിൽ സന്തോഷകരമായ ദിവ്യരഹസ്യങ്ങളും ദുഖകരമായ ദിവ്യരഹസ്യങ്ങളും മഹിമയുടെ ദിവ്യരഹസ്യങ്ങളും മാത്രമേ ചൊല്ലുവാൻ അനുവാദമുള്ളൂ.

(നൽകിയിരിക്കുന്ന നൊവേന ചാർട്ട് നോക്കി നൊവേനയുടെ ക്രമം പിന്തുടരുക)

നൊവേന ചാർട്ട്

## I. അപേക്ഷ

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 1<br>സ | 2<br>ദു | 3<br>മ | 4<br>സ | 5<br>ദു | 6<br>മ | 7<br>സ | 8<br>ദു | 9<br>മ |
| 10<br>സ | 11<br>ദു | 12<br>മ | 13<br>സ | 14<br>ദു | 15<br>മ | 16<br>സ | 17<br>ദു | 18<br>മ |
| 19<br>സ | 20<br>ദു | 21<br>മ | 22<br>സ | 23<br>ദു | 24<br>മ | 25<br>സ | 26<br>ദു | 27<br>മ |

## II. കൃതജ്ഞത

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 28<br>സ | 29<br>ദു | 30<br>മ | 31<br>സ | 32<br>ദു | 33<br>മ | 34<br>സ | 35<br>ദു | 36<br>മ |
| 37<br>സ | 38<br>ദു | 39<br>മ | 40<br>സ | 41<br>ദു | 42<br>മ | 43<br>സ | 44<br>ദു | 45<br>മ |
| 46<br>സ | 47<br>ദു | 48<br>മ | 49<br>സ | 50<br>ദു | 51<br>മ | 52<br>സ | 53<br>ദു | 54<br>മ |

സൂചിക

1 = നൊവേനയുടെ ഒന്നാം ദിവസം
2 = നൊവേനയുടെ രണ്ടാം ദിവസം
3 = നൊവേനയുടെ മൂന്നാം ദിവസം etc....

സ = സന്തോഷകരമായ ദിവ്യരഹസ്യങ്ങൾ
ദു = ദുഖകരമായ ദിവ്യരഹസ്യങ്ങൾ
മ = മഹിമയുടെ ദിവ്യരഹസ്യങ്ങൾ

## 54 ദിവസത്തെ ജപമാല നൊവേന ചൊല്ലേണ്ട ക്രമം

**ജപമാല നൊവേന ആദ്യ ദിവസം സന്തോഷകരമായ ദിവ്യരഹസ്യങ്ങൾ ചൊല്ലിക്കൊണ്ട് ആരംഭിക്കുക, രണ്ടാം ദിവസം ദുഖകരമായ ദിവ്യരഹസ്യങ്ങളും മൂന്നാം ദിവസം മഹിമയുടെ ദിവ്യരഹസ്യങ്ങളും, പിന്നീട് നാലാം ദിവസം വീണ്ടും സന്തോഷകരമായ ദിവ്യരഹസ്യങ്ങളും അഞ്ചാം ദിവസം ദുഖകരമായ ദിവ്യരഹസ്യങ്ങളും ആറാം ദിവസം മഹിമയുടെ ദിവ്യരഹസ്യങ്ങളും ചൊല്ലി ഇതേ രീതിയിൽ തുടർന്നു പോകുക.**

## പരിശുദ്ധ ജപമാലയുടെ സന്തോഷകരമായ ദിവ്യരഹസ്യങ്ങൾ

**ചൊല്ലുന്നതിനു മുമ്പ് - കുരിശു വരയ്ക്കുക, നന്മ നിറഞ്ഞ മറിയമേ .......... പരിശുദ്ധ മറിയമേ ചൊല്ലുക.**

## അപേക്ഷയുടെ തുടക്ക പ്രാർത്ഥന (നൊവേനയുടെ ആദ്യ 27 ദിവസം ചൊല്ലേണ്ടത്)

**എത്രയും പരിശുദ്ധ ജപമാലയുടെ രാജ്ഞിയായ മറിയമേ സ്വസ്തി! എന്റെ അമ്മയായ മറിയമേ സ്വസ്തി! അങ്ങേയ്ക്ക് റോസാപ്പൂക്കളുടെ ഒരു കിരീടം സമർപ്പിക്കുവാനായി അങ്ങയുടെ പാദാന്തികത്തിൽ എളിമയോടെ ഞാൻ മുട്ടു കുത്തുന്നു. മഞ്ഞുപോലെ വെൺമയുള്ള പൂമൊട്ടുകൾ അങ്ങയെ, അങ്ങയുടെ സന്തോഷങ്ങൾ ഓർമ്മിപ്പിക്കുവാനായി; ഓരോ പൂമൊട്ടുകളിലൂടെ ഓരോ ദിവ്യരഹസ്യങ്ങൾ അങ്ങേയ്ക്ക് സമർപ്പിച്ചുകൊണ്ട്; ഒരു പ്രത്യേക കൃപയ്ക്കായുള്ള എന്റെ അപേക്ഷയോടൊപ്പം ഓരോന്നും 10 വീതം ഒരുമിച്ച് ചേർത്തു വച്ച് സമർപ്പിക്കുന്നു. ഓ പരിശുദ്ധ രാജ്ഞീ, ദൈവകൃപ പകർന്നു കൊടുക്കുന്നവളേ, അങ്ങയെ വിളിച്ചപേക്ഷിക്കുന്ന എല്ലാവരുടേയും മാതാവേ, അങ്ങേയ്ക്ക് എന്റെ സമ്മാനത്തിലേക്ക് നോക്കാതിരിക്കുവാനോ അതിന്റെ കെട്ടുറപ്പ് കാണാതിരിക്കുവാനോ ഒരിക്കലും സാധിക്കുകയില്ല. അങ്ങ് എന്റെ സമ്മാനം സ്വീകരിക്കുമ്പോൾ, അങ്ങ് എന്റെ അപേക്ഷയും സ്വീകരിക്കും; ഉത്തമ വിശ്വാസത്തോടും ലഭിക്കുമെന്ന ഉറപ്പോടും കൂടെ ഞാൻ അപേക്ഷിച്ചിരിക്കുന്ന നിയോഗം അങ്ങയുടെ ഉദാരതയിൽ നിന്നും അങ്ങ് എനിക്ക് സാധിച്ച് നൽകും. അങ്ങയോട് അപേക്ഷിക്കുന്ന യാതൊന്നിനേക്കുറിച്ചും ഞാൻ നൈരാശ്യപ്പെടുകയില്ല. എന്റെ അമ്മേ, അവിടുന്ന് എന്റെ അമ്മയാണെന്ന് എനിക്ക് കാണിച്ചു തരേണമേ.**

## കൃതജ്ഞതയുടെ തുടക്ക പ്രാർത്ഥന (നൊവേനയുടെ അവസാന 27 ദിവസം ചൊല്ലേണ്ടത്)

**എത്രയും പരിശുദ്ധ ജപമാലയുടെ രാജ്ഞിയായ മറിയമേ സ്വസ്തി! എന്റെ അമ്മയായ മറിയമേ സ്വസ്തി! അങ്ങേയ്ക്ക് റോസാപ്പൂക്കളുടെ ഒരു കിരീടം സമർപ്പിക്കുവാനായി അങ്ങയുടെ പാദാന്തികത്തിൽ കൃതജ്ഞതാപൂർവ്വം ഞാൻ മുട്ടു കുത്തുന്നു. മഞ്ഞുപോലെ വെൺമയുള്ള പൂമൊട്ടുകൾ അങ്ങയെ, അങ്ങയുടെ സന്തോഷങ്ങൾ ഓർമ്മിപ്പിക്കുവാനായി; ഓരോ പൂമൊട്ടുകളിലൂടെ ഓരോ ദിവ്യരഹസ്യങ്ങൾ അങ്ങേയ്ക്ക് സമർപ്പിച്ചുകൊണ്ട്; ഒരു പ്രത്യേക കൃപയ്ക്കായുള്ള എന്റെ അപേക്ഷയോടൊപ്പം ഓരോന്നും 10 വീതം ഒരുമിച്ച് ചേർത്തു വച്ച് സമർപ്പിക്കുന്നു. ഓ പരിശുദ്ധ രാജ്ഞി, ദൈവകൃപ പകർന്നു കൊടുക്കുന്നവളേ, അങ്ങയെ വിളിച്ചപേക്ഷിക്കുന്ന എല്ലാവരുടേയും മാതാവേ! അങ്ങേയ്ക്ക് എന്റെ സമ്മാനത്തിലേക്ക് നോക്കാതിരിക്കുവാനോ അതിന്റെ കെട്ടുറപ്പ് കാണാതിരിക്കുവാനോ ഒരിക്കലും സാധിക്കുകയില്ല. അങ്ങ് എന്റെ സമ്മാനം സ്വീകരിക്കുമ്പോൾ, അങ്ങ് എന്റെ കൃതജ്ഞതയും സ്വീകരിക്കും; ഉത്തമ വിശ്വാസത്തോടും ലഭിക്കുമെന്ന ഉറപ്പോടും കൂടെ ഞാൻ അപേക്ഷിച്ചിരിക്കുന്ന നിയോഗം അങ്ങ് എനിക്ക് അങ്ങയുടെ ഉദാരതയിൽ നിന്നും സാധിച്ച് നൽകി. അങ്ങയോട് അപേക്ഷിച്ച യാതൊന്നിനേക്കുറിച്ചും ഞാൻ നൈരാശ്യപ്പെടുന്നില്ല. അവിടുന്ന് എന്റെ അമ്മയാണെന്ന് അങ്ങെന്നെ സത്യമായും കാണിച്ചു തന്നു.**

## ഇവ ചൊല്ലുക

**ശ്ലീഹന്മാരുടെ വിശ്വാസ പ്രമാണം, സ്വർഗ്ഗസ്ഥനായ പിതാവേ, 3 നന്മ നിറഞ്ഞ മറിയം, ത്രിത്വ സ്തുതി.**

- **ഒന്നാം ദിവ്യരഹസ്യം : മംഗളവാർത്ത** -
  സ്വർഗ്ഗസ്ഥനായ പിതാവേ, 10 നന്മ നിറഞ്ഞ മറിയം, ത്രിത്വ സ്തുതി.
  <u>ദിവ്യരഹസ്യം കഴിയുമ്പോൾ ചൊല്ലേണ്ട സമാപന പ്രാർത്ഥന :</u>
  **മഞ്ഞു പോലെ വെൺമയുള്ള ഈ പൂമൊട്ടുകൾ അടക്കം എന്ന പുണ്യം ലഭിക്കുവാനുള്ള എന്റെ അപേക്ഷയോടൊപ്പം കെട്ടുകയും എളിമയോടെ അങ്ങേ പാദാന്തികത്തിൽ ഈ പൂച്ചെണ്ട് സമർപ്പിക്കുകയും ചെയ്യുന്നു.**

- **രണ്ടാം ദിവ്യരഹസ്യം : പരിശുദ്ധ കന്യകാമാതാവിന്റെ സന്ദർശനം** -
  സ്വർഗ്ഗസ്ഥനായ പിതാവേ, 10 നന്മ നിറഞ്ഞ മറിയം, ത്രിത്വ സ്തുതി.
  <u>ദിവ്യരഹസ്യം കഴിയുമ്പോൾ ചൊല്ലേണ്ട സമാപന പ്രാർത്ഥന :</u>
  **മഞ്ഞു പോലെ വെൺമയുള്ള ഈ പൂമൊട്ടുകൾ അനുകമ്പ എന്ന പുണ്യം ലഭിക്കുവാനുള്ള എന്റെ അപേക്ഷയോടൊപ്പം കെട്ടുകയും എളിമയോടെ അങ്ങേ പാദാന്തികത്തിൽ ഈ പൂച്ചെണ്ട് സമർപ്പിക്കുകയും ചെയ്യുന്നു.**

- **മൂന്നാം ദിവ്യരഹസ്യം : നമ്മുടെ കർത്താവായ ഈശോ മിശിഹായുടെ ജനനം** -
  സ്വർഗ്ഗസ്ഥനായ പിതാവേ, 10 നന്മ നിറഞ്ഞ മറിയം, ത്രിത്വ സ്തുതി.

__ദിവ്യരഹസ്യം കഴിയുമ്പോൾ ചൊല്ലേണ്ട സമാപന പ്രാർത്ഥന__ :
**മഞ്ഞു പോലെ വെൺമയുള്ള ഈ പൂമൊട്ടുകൾ ലോകത്തോടുള്ള വിരക്തി എന്ന പുണ്യം ലഭിക്കുവാനുള്ള എന്റെ അപേക്ഷയോടൊപ്പം കെട്ടുകയും എളിമയോടെ അങ്ങേ പാദാന്തികത്തിൽ ഈ പൂച്ചെണ്ട് സമർപ്പിക്കുകയും ചെയ്യുന്നു.**

- **നാലാം ദിവ്യരഹസ്യം : നമ്മുടെ കർത്താവായ ഈശോ മിശിഹായുടെ കാഴ്ച്ചവയ്പ്പ് -**
  സ്വർഗ്ഗസ്ഥനായ പിതാവേ, 10 നന്മ നിറഞ്ഞ മറിയം, ത്രിത്വ സ്തുതി.
  __ദിവ്യരഹസ്യം കഴിയുമ്പോൾ ചൊല്ലേണ്ട സമാപന പ്രാർത്ഥന__ :
  **മഞ്ഞു പോലെ വെൺമയുള്ള ഈ പൂമൊട്ടുകൾ ശുദ്ധത എന്ന പുണ്യം ലഭിക്കുവാനുള്ള എന്റെ അപേക്ഷയോടൊപ്പം കെട്ടുകയും എളിമയോടെ അങ്ങേ പാദാന്തികത്തിൽ ഈ പൂച്ചെണ്ട് സമർപ്പിക്കുകയും ചെയ്യുന്നു.**

- **അഞ്ചാം ദിവ്യരഹസ്യം : നമ്മുടെ കർത്താവായ ഈശോ മിശിഹായെ ദേവാലയത്തിൽ കണ്ടെത്തുന്നു.**
  സ്വർഗ്ഗസ്ഥനായ പിതാവേ, 10 നന്മ നിറഞ്ഞ മറിയം, ത്രിത്വ സ്തുതി.
  __ദിവ്യരഹസ്യം കഴിയുമ്പോൾ ചൊല്ലേണ്ട സമാപന പ്രാർത്ഥന :__

**മഞ്ഞു പോലെ വെൺമയുള്ള ഈ പൂമൊട്ടുകൾ അനുസരണം എന്ന പുണ്യം ലഭിക്കുവാനുള്ള എന്റെ അപേക്ഷയോടൊപ്പം കെട്ടുകയും എളിമയോടെ അങ്ങേ പാദാന്തികത്തിൽ ഈ പൂച്ചെണ്ട് സമർപ്പിക്കുകയും ചെയ്യുന്നു.**

**പരിശുദ്ധ രാജ്ഞി ചൊല്ലുക**

## അപേക്ഷയുടെ സമാപന പ്രാർത്ഥന (നൊവേനയുടെ ആദ്യ 27 ദിവസം ചൊല്ലേണ്ടത്)

**എത്രയും മാധുര്യമുള്ള കന്യകാമാതാവേ, അങ്ങേ നെറ്റിയിൽ വയ്ക്കുവാനായി എന്റെ പൂച്ചെണ്ടുകൾ ഒരു പുഷ്പമുടി പോലെ (റീത്ത് പോലെ) കെട്ടുവാൻ ഈ ആത്മീയ സംസർഗ്ഗം അങ്ങേയ്ക്ക് ഞാൻ സമർപ്പിക്കുന്നു. ഓ എന്റെ അമ്മേ! ഉദാരതയോടെ എന്റെ സമ്മാനത്തിലേക്ക് നോക്കുകയും ഞാൻ അപേക്ഷിക്കുന്ന ഈ നിയോഗം (നിയോഗം പറയുക) അമ്മയുടെ സ്നേഹത്തിലൂടെ എനിക്ക് സാധിച്ച് തരുകയും ചെയ്യേണമേ. നന്മ നിറഞ്ഞ മറിയം ചൊല്ലുക.**

## കൃതജ്ഞതയുടെ സമാപന പ്രാർത്ഥന (നൊവേനയുടെ അവസാന 27 ദിവസം ചൊല്ലേണ്ടത്)

**എത്രയും മാധുര്യമുള്ള കന്യകാമാതാവേ, ഞാൻ അപേക്ഷിച്ച ഈ നിയോഗം (നിയോഗം പറയുക) അമ്മയുടെ സ്നേഹത്തിൽ നിന്നും എനിക്ക് സാധിച്ച് തന്നതിന് കൃതജ്ഞതയായി അങ്ങേ നെറ്റിയിൽ വയ്ക്കുവാനായി എന്റെ പൂച്ചെണ്ടുകൾ ഒരു പുഷ്പമുടി പോലെ (റീത്ത് പോലെ) കെട്ടുവാൻ ഈ ആത്മീയ സംസർഗ്ഗം അങ്ങേയ്ക്ക് ഞാൻ സമർപ്പിക്കുന്നു. നന്മ നിറഞ്ഞ മറിയം ചൊല്ലുക.**

# പരിശുദ്ധ ജപമാലയുടെ ദുഖകരമായ ദിവ്യരഹസ്യങ്ങൾ

**ചൊല്ലുന്നതിനു മുമ്പ് - കുരിശു വരയ്ക്കുക, നന്മ നിറഞ്ഞ മറിയമേ .......... പരിശുദ്ധ മറിയമേ ചൊല്ലുക.**

## അപേക്ഷയുടെ തുടക്ക പ്രാർത്ഥന (നൊവേനയുടെ ആദ്യ 27 ദിവസം ചൊല്ലേണ്ടത്)

**എത്രയും പരിശുദ്ധ ജപമാലയുടെ രാജ്ഞിയായ മറിയമേ സ്വസ്തി! എന്റെ അമ്മയായ മറിയമേ സ്വസ്തി! അങ്ങേയ്ക്ക് റോസാപ്പൂക്കളുടെ ഒരു കിരീടം സമർപ്പിക്കുവാനായി അങ്ങയുടെ പാദാന്തികത്തിൽ എളിമയോടെ ഞാൻ മുട്ടു കുത്തുന്നു. രക്ത ചുവപ്പുള്ള റോസാപ്പൂക്കൾ അങ്ങയുടെ ദിവ്യകുമാരനായ ഈശോ മിശിഹായുടെ പീഡാനുഭവങ്ങൾ അങ്ങയെ ഓർമ്മിപ്പിക്കുവാനായി, അങ്ങ് കൂടി ഈശോയോടൊപ്പം സമ്പൂർണ്ണമായി ഭാഗഭാഗിത്വം വഹിച്ച ഈശോയുടെ പീഡാനുഭവങ്ങളുടെ കയ്പ്പ് അങ്ങയെ ഓർമ്മിപ്പിക്കുവാനായി; ഓരോ റോസാപ്പൂക്കളിലൂടെ ഓരോ ദിവ്യരഹസ്യങ്ങൾ അങ്ങേയ്ക്ക് സമർപ്പിച്ചുകൊണ്ട്; ഒരു പ്രത്യേക കൃപയ്ക്കായുള്ള എന്റെ അപേക്ഷയോടൊപ്പം ഓരോന്നും 10 വീതം ഒരുമിച്ച് ചേർത്തു വച്ച് സമർപ്പിക്കുന്നു. ഓ പരിശുദ്ധ രാജ്ഞി, ദൈവകൃപ പകർന്നു കൊടുക്കുന്നവളേ, അങ്ങയെ വിളിച്ചപേക്ഷിക്കുന്ന എല്ലാവരുടേയും മാതാവേ, അങ്ങേയ്ക്ക് എന്റെ സമ്മാനത്തിലേക്ക് നോക്കാതിരിക്കുവാനോ അതിന്റെ കെട്ടുറപ്പ് കാണാതിരിക്കുവാനോ ഒരിക്കലും**

സാധിക്കുകയില്ല. അങ്ങ് എന്റെ സമ്മാനം സ്വീകരിക്കുമ്പോൾ, അങ്ങ് എന്റെ അപേക്ഷയും സ്വീകരിക്കും; ഉത്തമ വിശ്വാസത്തോടും ലഭിക്കുമെന്ന ഉറപ്പോടും കൂടെ ഞാൻ അപേക്ഷിച്ചിരിക്കുന്ന നിയോഗം അങ്ങയുടെ ഉദാരതയിൽ നിന്നും അങ്ങ് എനിക്ക് സാധിച്ച് നൽകും. അങ്ങയോട് അപേക്ഷിക്കുന്ന യാതൊന്നിനേക്കുറിച്ചും ഞാൻ നൈരാശ്യപ്പെടുകയില്ല. എന്റെ അമ്മേ, അവിടുന്ന് എന്റെ അമ്മയാണെന്ന് എനിക്ക് കാണിച്ചു തരേണമേ.

## കൃതജ്ഞതയുടെ തുടക്ക പ്രാർത്ഥന (നൊവേനയുടെ അവസാന 27 ദിവസം ചൊല്ലേണ്ടത്)

എത്രയും പരിശുദ്ധ ജപമാലയുടെ രാജ്ഞിയായ മറിയമേ സ്വസ്തി! എന്റെ അമ്മയായ മറിയമേ സ്വസ്തി! അങ്ങേയ്ക്ക് റോസാപ്പൂക്കളുടെ ഒരു കിരീടം സമർപ്പിക്കുവാനായി അങ്ങയുടെ പാദാന്തികത്തിൽ കൃതജ്ഞതാപൂർവ്വം ഞാൻ മുട്ടു കുത്തുന്നു. രക്ത ചുവപ്പുള്ള റോസാപ്പൂക്കൾ അങ്ങയുടെ ദിവ്യകുമാരനായ ഈശോ മിശിഹായുടെ പീഡാനുഭവങ്ങൾ അങ്ങയെ ഓർമ്മിപ്പിക്കുവാനായി, അങ്ങ് കൂടി ഈശോയോടൊപ്പം സമ്പൂർണ്ണമായി ഭാഗഭാഗിത്വം വഹിച്ച ഈശോയുടെ പീഡാനുഭവങ്ങളുടെ കയ്പ്പ് അങ്ങയെ ഓർമ്മിപ്പിക്കുവാനായി; ഓരോ റോസാപ്പൂക്കളിലൂടെ ഓരോ ദിവ്യരഹസ്യങ്ങൾ അങ്ങേയ്ക്ക് സമർപ്പിച്ചുകൊണ്ട്; ഒരു പ്രത്യേക കൃപയ്ക്കായുള്ള എന്റെ അപേക്ഷയോടൊപ്പം ഓരോന്നും 10 വീതം ഒരുമിച്ച് ചേർത്തു വച്ച് സമർപ്പിക്കുന്നു. ഓ പരിശുദ്ധ രാജ്ഞീ, ദൈവകൃപ പകർന്നു കൊടുക്കുന്നവളേ, അങ്ങയെ വിളിച്ചപേക്ഷിക്കുന്ന എല്ലാവരുടേയും മാതാവേ! അങ്ങേയ്ക്ക് എന്റെ സമ്മാനത്തിലേക്ക് നോക്കാതിരിക്കുവാനോ അതിന്റെ കെട്ടുറപ്പ് കാണാതിരിക്കുവാനോ ഒരിക്കലും

സാധിക്കുകയില്ല. അങ്ങ് എന്റെ സമ്മാനം സ്വീകരിക്കുമ്പോൾ, അങ്ങ് എന്റെ കൃതജ്ഞതയും സ്വീകരിക്കും; ഉത്തമ വിശ്വാസത്തോടും ലഭിക്കുമെന്ന ഉറപ്പോടും കൂടെ ഞാൻ അപേക്ഷിച്ചിരിക്കുന്ന നിയോഗം അങ്ങ് എനിക്ക് അങ്ങയുടെ ഉദാരതയിൽ നിന്നും സാധിച്ച് നൽകി. അങ്ങയോട് അപേക്ഷിച്ച യാതൊന്നിനേക്കുറിച്ചും ഞാൻ നൈരാശ്യപ്പെടുന്നില്ല. അവിടുന്ന് എന്റെ അമ്മയാണെന്ന് അങ്ങെന്നെ സത്യമായും കാണിച്ചു തന്നു.

<u>ഇവ ചൊല്ലുക</u>

ശ്ലീഹന്മാരുടെ വിശ്വാസ പ്രമാണം, സ്വർഗ്ഗസ്ഥനായ പിതാവേ, 3 നന്മ നിറഞ്ഞ മറിയം, ത്രിത്വ സ്തുതി.

- ഒന്നാം ദിവ്യരഹസ്യം : നമ്മുടെ കർത്താവായ ഈശോ മിശിഹാ ഗത്സമെൻ തോട്ടത്തിൽ വച്ച് രക്തം വിയർത്ത് പ്രാർത്ഥിക്കുന്നു -
  സ്വർഗ്ഗസ്ഥനായ പിതാവേ, 10 നന്മ നിറഞ്ഞ മറിയം, ത്രിത്വ സ്തുതി.
  <u>ദിവ്യരഹസ്യം കഴിയുമ്പോൾ ചൊല്ലേണ്ട സമാപന പ്രാർത്ഥന :</u>
  രക്ത ചുവപ്പുള്ള ഈ റോസാപ്പൂക്കൾ ദൈവേഷ്ടത്തിന് സമ്പൂർണ്ണമായി വഴങ്ങിക്കൊടുക്കുവാനുള്ള പുണ്യം ലഭിക്കുവാനുള്ള എന്റെ അപേക്ഷയോടൊപ്പം കെട്ടുകയും എളിമയോടെ അങ്ങേ പാദാന്തികത്തിൽ ഈ പൂച്ചെണ്ട് സമർപ്പിക്കുകയും ചെയ്യുന്നു.

- **രണ്ടാം ദിവ്യരഹസ്യം : നമ്മുടെ കർത്താവായ ഈശോ മിശിഹാ പീലാത്തോസിന്റെ അരമനയിൽ വച്ച് ചമ്മട്ടികളാൽ അടിക്കപ്പെടുന്നു-**
  സ്വർഗ്ഗസ്ഥനായ പിതാവേ, 10 നന്മ നിറഞ്ഞ മറിയം, ത്രിത്വ സ്തുതി.
  ദിവ്യരഹസ്യം കഴിയുമ്പോൾ ചൊല്ലേണ്ട സമാപന പ്രാർത്ഥന :
  **രക്ത ചുവപ്പുള്ള ഈ റോസാപ്പൂക്കൾ ഇന്ദ്രിയനിഗ്രഹം എന്ന പുണ്യം ലഭിക്കുവാനുള്ള എന്റെ അപേക്ഷയോടൊപ്പം കെട്ടുകയും എളിമയോടെ അങ്ങേ പാദാന്തികത്തിൽ ഈ പൂച്ചെണ്ട് സമർപ്പിക്കുകയും ചെയ്യുന്നു.**

- **മൂന്നാം ദിവ്യരഹസ്യം : നമ്മുടെ കർത്താവായ ഈശോ മിശിഹായെ മുൾമുടി ധരിപ്പിക്കുന്നു -**
  സ്വർഗ്ഗസ്ഥനായ പിതാവേ, 10 നന്മ നിറഞ്ഞ മറിയം, ത്രിത്വ സ്തുതി.
  ദിവ്യരഹസ്യം കഴിയുമ്പോൾ ചൊല്ലേണ്ട സമാപന പ്രാർത്ഥന :
  **രക്ത ചുവപ്പുള്ള ഈ റോസാപ്പൂക്കൾ എളിമ എന്ന പുണ്യം ലഭിക്കുവാനുള്ള എന്റെ അപേക്ഷയോടൊപ്പം കെട്ടുകയും എളിമയോടെ അങ്ങേ പാദാന്തികത്തിൽ ഈ പൂച്ചെണ്ട് സമർപ്പിക്കുകയും ചെയ്യുന്നു.**

- **നാലാം ദിവ്യരഹസ്യം : നമ്മുടെ കർത്താവായ ഈശോ മിശിഹാ ഗാഗുൽത്താ മലയിലേക്ക്**

**ഭാരമുള്ള സ്ലീവാ തിരുത്തോളിൽ വഹിച്ചു കൊണ്ടു യാത്ര ചെയ്യുന്നു** -
സ്വർഗ്ഗസ്ഥനായ പിതാവേ, 10 നന്മ നിറഞ്ഞ മറിയം, ത്രിത്വ സ്തുതി.

**ദിവ്യരഹസ്യം കഴിയുമ്പോൾ ചൊല്ലേണ്ട സമാപന പ്രാർത്ഥന :**
**രക്ത ചുവപ്പുള്ള ഈ റോസാപ്പൂക്കൾ പ്രതികൂല സാഹചര്യങ്ങളിൽ സഹനശക്തി എന്ന പുണ്യം ലഭിക്കുവാനുള്ള എന്റെ അപേക്ഷയോടൊപ്പം കെട്ടുകയും എളിമയോടെ അങ്ങേ പാദാന്തികത്തിൽ ഈ പൂച്ചെണ്ട് സമർപ്പിക്കുകയും ചെയ്യുന്നു.**

- **അഞ്ചാം ദിവ്യരഹസ്യം : നമ്മുടെ കർത്താവായ ഈശോ മിശിഹാ കുരിശിൽ മരിക്കുന്നു.**

സ്വർഗ്ഗസ്ഥനായ പിതാവേ, 10 നന്മ നിറഞ്ഞ മറിയം, ത്രിത്വ സ്തുതി.
**ദിവ്യരഹസ്യം കഴിയുമ്പോൾ ചൊല്ലേണ്ട സമാപന പ്രാർത്ഥന :**
**രക്ത ചുവപ്പുള്ള ഈ റോസാപ്പൂക്കൾ ശത്രുക്കളെ സ്നേഹിക്കുവാനുള്ള പുണ്യം ലഭിക്കുവാനുള്ള എന്റെ അപേക്ഷയോടൊപ്പം കെട്ടുകയും എളിമയോടെ അങ്ങേ പാദാന്തികത്തിൽ ഈ പൂച്ചെണ്ട് സമർപ്പിക്കുകയും ചെയ്യുന്നു.**

## പരിശുദ്ധ രാജ്ഞി ചൊല്ലുക

## അപേക്ഷയുടെ സമാപന പ്രാർത്ഥന (നൊവേനയുടെ ആദ്യ 27 ദിവസം ചൊല്ലേണ്ടത്)

**എത്രയും മാധുര്യമുള്ള കന്യകാമാതാവേ, അങ്ങേ നെറ്റിയിൽ വയ്ക്കുവാനായി എന്റെ പൂച്ചെണ്ടുകൾ ഒരു പുഷ്പമുടി പോലെ (റീത്ത് പോലെ) കെട്ടുവാൻ ഈ ആത്മീയ സംസർഗ്ഗം അങ്ങേയ്ക്ക് ഞാൻ സമർപ്പിക്കുന്നു. ഓ എന്റെ അമ്മേ! ഉദാരതയോടെ എന്റെ സമ്മാനത്തിലേക്ക് നോക്കുകയും ഞാൻ അപേക്ഷിക്കുന്ന ഈ നിയോഗം (നിയോഗം പറയുക) അമ്മയുടെ സ്നേഹത്തിലൂടെ എനിക്ക് സാധിച്ച് തരുകയും ചെയ്യേണമേ. നന്മ നിറഞ്ഞ മറിയം ചൊല്ലുക.**

## കൃതജ്ഞതയുടെ സമാപന പ്രാർത്ഥന (നൊവേനയുടെ അവസാന 27 ദിവസം ചൊല്ലേണ്ടത്)

**എത്രയും മാധുര്യമുള്ള കന്യകാമാതാവേ, ഞാൻ അപേക്ഷിച്ച ഈ നിയോഗം (നിയോഗം പറയുക) അമ്മയുടെ സ്നേഹത്തിൽ നിന്നും എനിക്ക് സാധിച്ച് തന്നതിന് കൃതജ്ഞതയായി അങ്ങേ നെറ്റിയിൽ വയ്ക്കുവാനായി എന്റെ പൂച്ചെണ്ടുകൾ ഒരു പുഷ്പമുടി പോലെ (റീത്ത് പോലെ) കെട്ടുവാൻ ഈ ആത്മീയ സംസർഗ്ഗം അങ്ങേയ്ക്ക് ഞാൻ സമർപ്പിക്കുന്നു. നന്മ നിറഞ്ഞ മറിയം ചൊല്ലുക.**

# പരിശുദ്ധ ജപമാലയുടെ മഹിമയുടെ ദിവ്യരഹസ്യങ്ങൾ

ചൊല്ലുന്നതിനു മുമ്പ് - കുരിശു വരയ്ക്കുക, നന്മ നിറഞ്ഞ മറിയമേ ......... പരിശുദ്ധ മറിയമേ ചൊല്ലുക.

## അപേക്ഷയുടെ തുടക്ക പ്രാർത്ഥന (നൊവേനയുടെ ആദ്യ 27 ദിവസം ചൊല്ലേണ്ടത്)

**എത്രയും പരിശുദ്ധ ജപമാലയുടെ രാജ്ഞിയായ മറിയമേ സ്വസ്തി! എന്റെ അമ്മയായ മറിയമേ സ്വസ്തി! അങ്ങേയ്ക്ക് റോസാപ്പൂക്കളുടെ ഒരു കിരീടം സമർപ്പിക്കുവാനായി അങ്ങയുടെ പാദാന്തികത്തിൽ എളിമയോടെ ഞാൻ മുട്ടു കുത്തുന്നു. പീഡാനുഭവത്തിന്റെ നേർത്ത ചുവപ്പു നിറം കലർന്ന, മുഴുവനായി വിടർന്ന വെളുത്ത റോസാപ്പുഷ്പങ്ങൾ, ഈശോയുടെ പീഡാനുഭവത്തിന്റേയും അങ്ങയുടെ സഹനങ്ങളുടേയും പ്രതിഫലമായ അങ്ങേ മഹത്വങ്ങൾ അങ്ങയെ ഓർമ്മിപ്പിക്കുവാനായി, ഓരോ റോസാപ്പൂക്കളിലൂടെ ഓരോ ദിവ്യരഹസ്യങ്ങൾ അങ്ങേയ്ക്ക് സമർപ്പിച്ചുകൊണ്ട്; ഒരു പ്രത്യേക കൃപയ്ക്കായുള്ള എന്റെ അപേക്ഷയോടൊപ്പം ഓരോന്നും 10 വീതം ഒരുമിച്ച് ചേർത്തു വച്ച് സമർപ്പിക്കുന്നു. ഓ പരിശുദ്ധ രാജ്ഞീ, ദൈവകൃപ പകർന്നു കൊടുക്കുന്നവളേ, അങ്ങയെ വിളിച്ചപേക്ഷിക്കുന്ന എല്ലാവരുടേയും മാതാവേ, അങ്ങേയ്ക്ക് എന്റെ സമ്മാനത്തിലേക്ക് നോക്കാതിരിക്കുവാനോ അതിന്റെ കെട്ടുറപ്പ് കാണാതിരിക്കുവാനോ ഒരിക്കലും സാധിക്കുകയില്ല. അങ്ങ് എന്റെ സമ്മാനം സ്വീകരിക്കുമ്പോൾ, അങ്ങ് എന്റെ അപേക്ഷയും സ്വീകരിക്കും; ഉത്തമ വിശ്വാസത്തോടും ലഭിക്കുമെന്ന ഉറപ്പോടും കൂടെ ഞാൻ അപേക്ഷിച്ചിരിക്കുന്ന നിയോഗം അങ്ങയുടെ ഉദാരതയിൽ നിന്നും അങ്ങ് എനിക്ക് സാധിച്ച് നൽകും. അങ്ങയോട് അപേക്ഷിക്കുന്ന യാതൊന്നിനേക്കുറിച്ചും ഞാൻ**

നൈരാശ്യപ്പെടുകയില്ല. എന്റെ അമ്മേ, അവിടുന്ന് എന്റെ അമ്മയാണെന്ന് എനിക്ക് കാണിച്ചു തരേണമേ.

## കൃതജ്ഞതയുടെ തുടക്ക പ്രാർത്ഥന (നൊവേനയുടെ അവസാന 27 ദിവസം ചൊല്ലേണ്ടത്)

എത്രയും പരിശുദ്ധ ജപമാലയുടെ രാജ്ഞിയായ മറിയമേ സ്വസ്തി! എന്റെ അമ്മയായ മറിയമേ സ്വസ്തി! അങ്ങേയ്ക്ക് റോസാപ്പൂക്കളുടെ ഒരു കിരീടം സമർപ്പിക്കുവാനായി അങ്ങയുടെ പാദാന്തികത്തിൽ കൃതജ്ഞതാപൂർവ്വം ഞാൻ മുട്ടു കുത്തുന്നു. പീഡാനുഭവത്തിന്റെ നേർത്ത ചുവപ്പു നിറം കലർന്ന, മുഴുവനായി വിടർന്ന വെളുത്ത റോസാപ്പുഷ്പങ്ങൾ, ഈശോയുടെ പീഡാനുഭവത്തിന്റേയും അങ്ങയുടെ സഹനങ്ങളുടേയും പ്രതിഫലമായ അങ്ങേ മഹത്വങ്ങൾ അങ്ങയെ ഓർമ്മിപ്പിക്കുവാനായി, ഓരോ റോസാപ്പൂക്കളിലൂടെ ഓരോ ദിവ്യരഹസ്യങ്ങൾ അങ്ങേയ്ക്ക് സമർപ്പിച്ചുകൊണ്ട്; ഒരു പ്രത്യേക കൃപയ്ക്കായുള്ള എന്റെ അപേക്ഷയോടൊപ്പം ഓരോന്നും 10 വീതം ഒരുമിച്ച് ചേർത്തു വച്ച് സമർപ്പിക്കുന്നു. ഓ പരിശുദ്ധ രാജ്ഞി, ദൈവകൃപ പകർന്നു കൊടുക്കുന്നവളേ, അങ്ങയെ വിളിച്ചപേക്ഷിക്കുന്ന എല്ലാവരുടേയും മാതാവേ! അങ്ങേയ്ക്ക് എന്റെ സമ്മാനത്തിലേക്ക് നോക്കാതിരിക്കുവാനോ അതിന്റെ കെട്ടുറപ്പ് കാണാതിരിക്കുവാനോ ഒരിക്കലും സാധിക്കുകയില്ല. അങ്ങ് എന്റെ സമ്മാനം സ്വീകരിക്കുമ്പോൾ, അങ്ങ് എന്റെ കൃതജ്ഞതയും സ്വീകരിക്കും; ഉത്തമ വിശ്വാസത്തോടും ലഭിക്കുമെന്ന ഉറപ്പോടും കൂടെ ഞാൻ അപേക്ഷിച്ചിരിക്കുന്ന നിയോഗം അങ്ങ് എനിക്ക് അങ്ങയുടെ ഉദാരതയിൽ നിന്നും സാധിച്ച് നൽകി. അങ്ങയോട് അപേക്ഷിച്ച യാതൊന്നിനേക്കുറിച്ചും ഞാൻ

നൈരാശ്യപ്പെടുന്നില്ല. അവിടുന്ന് എന്റെ അമ്മയാണെന്ന് അങ്ങെന്നെ സത്യമായും കാണിച്ചു തന്നു.

## ഇവ ചൊല്ലുക

**ശ്ലീഹന്മാരുടെ വിശ്വാസ പ്രമാണം, സ്വർഗ്ഗസ്ഥനായ പിതാവേ, 3 നന്മ നിറഞ്ഞ മറിയം, ത്രിത്വ സ്തുതി.**

- **ഒന്നാം ദിവ്യരഹസ്യം : നമ്മുടെ കർത്താവായ ഈശോ മിശിഹാ മരണത്തെ തോൽപ്പിച്ച് പ്രത്യാശ നൽകി ജയസന്തോഷങ്ങളോടെ ഉയിർത്തെഴുന്നേൽക്കുന്നു -**
  **സ്വർഗ്ഗസ്ഥനായ പിതാവേ, 10 നന്മ നിറഞ്ഞ മറിയം, ത്രിത്വ സ്തുതി.**
  **<u>ദിവ്യരഹസ്യം കഴിയുമ്പോൾ ചൊല്ലേണ്ട സമാപന പ്രാർത്ഥന :</u>**
  **മുഴുവനായി വിടർന്ന ഈ റോസാപ്പൂക്കൾ വിശ്വാസം എന്ന പുണ്യം ലഭിക്കുവാനുള്ള എന്റെ അപേക്ഷയോടൊപ്പം ഞാൻ കെട്ടുകയും എളിമയോടെ അങ്ങേ പാദാന്തികത്തിൽ ഈ പൂച്ചെണ്ട് സമർപ്പിക്കുകയും ചെയ്യുന്നു.**

- **രണ്ടാം ദിവ്യരഹസ്യം : നമ്മുടെ കർത്താവായ ഈശോ മിശിഹാ അത്ഭുത മഹിമ പ്രതാപങ്ങളോടും കറയില്ലാത്ത ജയത്തോടും കൂടെ സ്വർഗ്ഗാരോഹണം ചെയ്യുന്നു.**
  **സ്വർഗ്ഗസ്ഥനായ പിതാവേ, 10 നന്മ നിറഞ്ഞ മറിയം, ത്രിത്വ സ്തുതി.**

ദിവ്യരഹസ്യം കഴിയുമ്പോൾ ചൊല്ലേണ്ട സമാപന പ്രാർത്ഥന :

മുഴുവനായി വിടർന്ന ഈ റോസാപ്പൂക്കൾ പ്രത്യാശ എന്ന പുണ്യം ലഭിക്കുവാനുള്ള എന്റെ അപേക്ഷയോടൊപ്പം ഞാൻ കെട്ടുകയും എളിമയോടെ അങ്ങേ പാദാന്തികത്തിൽ ഈ പൂച്ചെണ്ട് സമർപ്പിക്കുകയും ചെയ്യുന്നു.

- **മൂന്നാം ദിവ്യരഹസ്യം : പന്തക്കുസ്ത തിരുന്നാളിലെ പരിശുദ്ധാത്മാവിന്റെ ആഗമനം -**
  സ്വർഗ്ഗസ്ഥനായ പിതാവേ, 10 നന്മ നിറഞ്ഞ മറിയം, ത്രിത്വ സ്തുതി.

  ദിവ്യരഹസ്യം കഴിയുമ്പോൾ ചൊല്ലേണ്ട സമാപന പ്രാർത്ഥന :

  മുഴുവനായി വിടർന്ന ഈ റോസാപ്പൂക്കൾ ദയ എന്ന പുണ്യം ലഭിക്കുവാനുള്ള എന്റെ അപേക്ഷയോടൊപ്പം ഞാൻ കെട്ടുകയും എളിമയോടെ അങ്ങേ പാദാന്തികത്തിൽ ഈ പൂച്ചെണ്ട് സമർപ്പിക്കുകയും ചെയ്യുന്നു.

- **നാലാം ദിവ്യരഹസ്യം : പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണം -**
  സ്വർഗ്ഗസ്ഥനായ പിതാവേ, 10 നന്മ നിറഞ്ഞ മറിയം, ത്രിത്വ സ്തുതി.

  ദിവ്യരഹസ്യം കഴിയുമ്പോൾ ചൊല്ലേണ്ട സമാപന പ്രാർത്ഥന :

മുഴുവനായി വിടർന്ന ഈ റോസാപ്പൂക്കൾ ക്രിസ്തുവുമായുള്ള ലയനത്തിനുള്ള പുണ്യം ലഭിക്കുവാനുള്ള എന്റെ അപേക്ഷയോടൊപ്പം ഞാൻ കെട്ടുകയും എളിമയോടെ അങ്ങേ പാദാന്തികത്തിൽ ഈ പൂച്ചെണ്ട് സമർപ്പിക്കുകയും ചെയ്യുന്നു.

- ❖ **അഞ്ചാം ദിവ്യരഹസ്യം :പരിശുദ്ധ കന്യകാമറിയത്തിന്റെ കിരീടധാരണം.**

സ്വർഗ്ഗസ്ഥനായ പിതാവേ, 10 നന്മ നിറഞ്ഞ മറിയം, ത്രിത്വ സ്തുതി.

ദിവ്യരഹസ്യം കഴിയുമ്പോൾ ചൊല്ലേണ്ട സമാപന പ്രാർത്ഥന :

മുഴുവനായി വിടർന്ന ഈ റോസാപ്പൂക്കൾ അങ്ങയോടുള്ള ലയനത്തിനുള്ള പുണ്യം ലഭിക്കുവാനുള്ള എന്റെ അപേക്ഷയോടൊപ്പം ഞാൻ കെട്ടുകയും എളിമയോടെ അങ്ങേ പാദാന്തികത്തിൽ ഈ പൂച്ചെണ്ട് സമർപ്പിക്കുകയും ചെയ്യുന്നു.

പരിശുദ്ധ രാജ്ഞി ചൊല്ലുക

## അപേക്ഷയുടെ സമാപന പ്രാർത്ഥന (നൊവേനയുടെ ആദ്യ 27 ദിവസം ചൊല്ലേണ്ടത്)

**എത്രയും മാധുര്യമുള്ള കന്യകാമാതാവേ, അങ്ങേ നെറ്റിയിൽ വയ്ക്കുവാനായി എന്റെ പൂച്ചെണ്ടുകൾ ഒരു പുഷ്പമുടി പോലെ (റീത്ത് പോലെ) കെട്ടുവാൻ ഈ ആത്മീയ സംസർഗ്ഗം അങ്ങേയ്ക്ക് ഞാൻ സമർപ്പിക്കുന്നു. ഓ എന്റെ അമ്മേ! ഉദാരതയോടെ എന്റെ സമ്മാനത്തിലേക്ക് നോക്കുകയും ഞാൻ**

അപേക്ഷിക്കുന്ന ഈ  നിയോഗം (നിയോഗം പറയുക) അമ്മയുടെ സ്നേഹത്തിലൂടെ എനിക്ക് സാധിച്ച് തരുകയും ചെയ്യേണമേ. നന്മ നിറഞ്ഞ മറിയം ചൊല്ലുക.

## കൃതജ്ഞതയുടെ സമാപന പ്രാർത്ഥന (നൊവേനയുടെ അവസാന 27 ദിവസം ചൊല്ലേണ്ടത്)

എത്രയും മാധുര്യമുള്ള കന്യകാമാതാവേ, ഞാൻ അപേക്ഷിച്ച ഈ നിയോഗം (നിയോഗം പറയുക) അമ്മയുടെ സ്നേഹത്തിൽ നിന്നും എനിക്ക് സാധിച്ച് തന്നതിന് കൃതജ്ഞതയായി അങ്ങേ നെറ്റിയിൽ വയ്ക്കുവാനായി എന്റെ പൂച്ചെണ്ടുകൾ ഒരു പുഷ്പമുടി പോലെ (റീത്ത് പോലെ) കെട്ടുവാൻ ഈ ആത്മീയ സംസർഗ്ഗം അങ്ങേയ്ക്ക് ഞാൻ സമർപ്പിക്കുന്നു. നന്മ നിറഞ്ഞ മറിയം ചൊല്ലുക

# 54 ദിവസത്തെ അത്ഭുത ജപമാല നൊവേനയുടെ നിയോഗങ്ങൾ.

- നമ്മുടെ രാജ്യമായ ഇന്ത്യയ്ക്കും ഇന്ത്യയിലെ എല്ലാ ജനങ്ങൾക്കും

- നമ്മുടേയും ലോകം മുഴുവനുമുള്ള എല്ലാവരുടേയും പാപങ്ങൾക്ക് പരിഹാരമായിട്ട്

- ❖ ശുദ്ധീകരണ സ്ഥലത്ത് സങ്കടമനുഭവിക്കുന്ന എല്ലാ ആത്മാക്കളുടേയും പാപങ്ങൾക്ക് പരിഹാരമായിട്ട്
- ❖ നമ്മുടെ വൈദീകർക്കും സന്ന്യസ്തർക്കും വേണ്ടി
- ❖ ജീവ-സംസ്ക്കാര മൂല്ല്യങ്ങളുടെ പുനരുദ്ധാരണത്തിനും ഗർഭപാത്രങ്ങളിലെ നിഷ്ക്കളങ്ക ജീവനുകളുടെ സംരക്ഷണത്തിനും
- ❖ വിവാഹത്തിന്റേയും കുടുംബജീവിതത്തിന്റേയും പരിശുദ്ധിക്ക്
- ❖ പരിശുദ്ധ കന്യകാമാതാവിന്റെ വിമലഹൃദയത്തിന്റെ വിജയത്തിന്
- ❖ നിങ്ങളുടെ വ്യക്തിപരമായ നിയോഗങ്ങൾക്ക്, നിങ്ങളുടെ കുടുംബത്തിന്റെ നിയോഗങ്ങൾക്ക്